ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471-2302490 ഫാക്സ്:0471-2303025/20303080
ഇ-മെയിൽ: dhskerala@gmail.com
വെബ്സൈറ്റ്: www.dhs.kerala.gov.in

---

നമ്പർ.ഇ.എച്ച്1-46690/2016/ആ.വ.ഡ — തീയതി. 01/06/2017

## സർക്കുലർ

വിഷയം:- ആ.വ.ഡ- പൊതുസ്ഥലമാറ്റം 2017-കരട് പട്ടിക പ്രസിദ്ധീകരിക്കലും, അപ്പീൽ സമർപ്പണവുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ആഫീസർമാർക്കും, സ്ഥാപന മേധാവികൾക്കും ഉള്ള മാർഗ്ഗ നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ സർക്കുലർ നം. ഇ.എച്ച്1/46690/16, തീയതി.23/05/2017.

2017-ലെ പൊതുസ്ഥലം മാറ്റത്തിന്റെ ഭാഗമായി സ്ഥലംമാറ്റത്തിന്റെ കരട് പട്ടിക പ്രസിദ്ധീകരിക്കലും അപ്പീൽ സമർപ്പണവുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കലാഫീസർ മാർക്കും, സ്ഥാപനമേധാവികൾക്കും താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകികൊള്ളുന്നു.

1) സ്ഥാപനമേധാവികൾ തങ്ങൾക്ക് ലഭിക്കുന്ന അപ്പീലുകൾ കരട് പട്ടിക പ്രസിദ്ധീകരിച്ച് മൂന്നു ദിവസത്തിനുള്ളിൽ അപ്പീലും മറ്റ് ബന്ധപ്പെട്ട രേഖകളും തസ്തിക തിരിച്ച് സ്കാൻ ചെയ്ത് ഇ- മെയിൽ മുഖാന്തിരം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

2) ജില്ലാ മെഡിക്കൽ ഓഫീസർമാർ അപ്പീലുകൾ പരിശോധിച്ച് പരിഗണന അർഹിക്കുന്നവ മാത്രം ( കോടതി ഉത്തരവുകളും വകുപ്പിന്റെ ഉത്തരവുകളും ഉൾപ്പെടെ) തസ്തിക തിരിച്ച് ഇ- മെയിൽ മുഖാന്തിരം സ്കാൻ ചെയ്ത് കരട് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 6 ദിവസത്തിനുള്ളിൽ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

3) ഓൺ ലൈനായി സമർപ്പിച്ച അപേക്ഷകളെ സംബന്ധിക്കുന്ന അപ്പീലുകൾ മാത്രമേ ജില്ലാ മെഡിക്കലാഫീസർമാർ പരിഗണിക്കാൻ പാടുള്ളൂ.

4) ജില്ലാ മെഡിക്കലൊഫീസർമാർ കഴിയുന്നതും ഒരു തസ്തികയെ സംബന്ധിക്കുന്ന അപ്പീലുകൾ ഒരു മെയിലായി അയയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5) അപ്പീലുകളെ സംബന്ധിച്ച് അപ്പീൽ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

6) അപ്പീലിനോടൊപ്പം അപേക്ഷ നമ്പറും പെൻ നമ്പറും രേഖപ്പെടുത്തേണ്ടതാണ്.

7) സ്ഥാപന മേധാവികൾ ജില്ലാ മെഡിക്കലൊഫീസർമാർക്കും ജില്ലാ മെഡിക്കലൊഫീസർ ആരോഗ്യവകുപ്പ് ഡയറക്ടർക്കും അപ്പീലുകൾ അയയ്ക്കുന്നതിനുള്ള തീയതികളിൽ യാതൊരു കാരണവശാലും മാറ്റം വരുത്തുന്നതല്ല.

8) ജില്ലാ മെഡിക്കൽ ഓഫീസർമാർ അപ്പീലുകൾ അയയ്ക്കേണ്ട വിലാസം sparkdhs@gmail.com.

ഉഷാറാണി.പി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ സി.എ
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ
3. എല്ലാ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ സൂപ്രണ്ടുമാർക്കും
4. ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
5. ഫയൽ/ കരുതൽ ഫയൽ

[illegible] 1/8/17